REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **27-02-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **സംരംഭകർക്ക് ബിസിനസ് എളുപ്പമാക്കാൻ സാങ്കേതികവിദ്യ വികസിപ്പിച്ചതിലൂടെ രാജ്യം അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ഡൽഹി മദ്യനയ അഴിമതി കേസിൽ മുൻ ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഡൽഹി റൗസ് അവന്യൂ കോടതി കുറ്റവിമുക്തനാക്കി.**
- **NCERT പുസ്തകത്തിൽ കോടതിയെ അവഹേളിക്കുന്ന പരാമർശങ്ങൾക്കെതിരെ സുപ്രീം കോടതി കർശന നിലപാട് സ്വീകരിച്ചത് സ്വാഗതാർഹമാണെന്ന് മന്ത്രി V.ശിവൻകുട്ടി.**
- **ചേർത്തലയിൽ അത്യാധുനിക വെജിറ്റബിൾ അഗ്രോ പാർക്കിന് മന്ത്രി P പ്രസാദ് വൈകിട്ട് തറക്കല്ലിടും.**
- **ISL ഫുട്ബോളിൽ കൊൽക്കത്തയിൽ വൈകിട്ട് ഈസ്റ്റ് ബംഗാൾ, ജംഷഡ്പൂരിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഗവൺമെന്റ് നടപടിക്രമങ്ങൾ ലളിതമാക്കി, സംരംഭകർക്ക് ബിസിനസ് എളുപ്പമാക്കാൻ സാങ്കേതികവിദ്യ വികസിപ്പിച്ചതിലൂടെ രാജ്യത്തിന്റെ പരിഷ്കരണം അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വികസിത് ഭാരതത്തിനായി സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം" എന്ന ബജറ്റാനന്തര വെബിനാറിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

നയപരമായ ഉദ്ദേശ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കരുതെന്നും വേഗം നിലനിർത്തുന്നതിന് മികച്ച വിതരണ സംവിധാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിർമ്മിത ബുദ്ധി, ബ്ലോക്ക്ചെയിൻ, ഡാറ്റ വിശകലനം എന്നിവയുടെ വിപുലമായ ഉപയോഗത്തിലൂടെ സുതാര്യത, വേഗം, ഉത്തരവാദിത്തം എന്നിവ വർദ്ധിപ്പിക്കാൻ കഴിയണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

തദ്ദേശീയമായി നിർമ്മിച്ച ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ- പ്രചണ്ഡിൽ രാഷ്ട്രപതി ദ്രൗപതി മുർമു സഞ്ചരിച്ചു. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് രൂപകൽപ്പന ചെയ്ത് വികസിപ്പിച്ച ആദ്യത്തെ യുദ്ധ ഹെലികോപ്റ്ററാണ് 'പ്രചന്ദ്'. ഇരുപത്തിയഞ്ച് മിനിറ്റ് നീണ്ട യാത്രയിൽ രാഷ്ട്രപതി റേഡിയോ വഴി രാജ്യത്തെ അഭിസംബോധന ചെയ്തു.

രാജസ്ഥാനിലെ ജയ്സൽമീറിൽ ഇന്ത്യൻ വ്യോമസേനയുടെ 'വായുശക്തി' അഭ്യാസത്തിന്റെ ഭാഗമായാണ് രാഷ്ട്രപതിയുടെ ഹെലികോപ്റ്റർ യാത്ര.

✪✪✪

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ 57-ാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. ന്യൂഡൽഹിയിലെ ചടങ്ങിൽ IIMC ചാൻസലർ കൂടിയായ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷനാകും.

✪✪✪

ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ചു അധ്യായം ഉൾക്കൊള്ളുന്ന NCERT പുസ്തകം നിർഭാഗ്യകരമാണെന്നും ഗവണ്മെന്റ് ഈ വിഷയത്തെ വളരെ ഗൗരവമായി കാണുന്നുവെന്നും കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. നീതിന്യായ വ്യവസ്ഥയെ അവഹേളിക്കാൻ ഗവൺമെന്റിനു ഉദ്ദേശ്യമില്ലെന്നും എല്ലാ പുസ്തകങ്ങളും പിൻവലിക്കാനും റദ്ദാക്കാനും NCERT യോട് നിർദ്ദേശിച്ചതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ മുൻ ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ, മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ എന്നിവരെ ഡൽഹി റൗസ് അവന്യൂ കോടതി കുറ്റവിമുക്തരാക്കി.

കുറ്റാരോപിതർക്കെതിരെ തുടരന്വേഷണം നടത്തുന്നതിന് മതിയായ തെളിവുകൾ ഹാജരാക്കാൻ CBI ക്ക് കഴിഞ്ഞില്ലെന്ന് കണ്ടെത്തിയ കോടതി

കുറ്റപത്രം പരിഗണിക്കാൻ വിസമ്മതിച്ചു. നിരവധി പോരായ്മകൾ കുറ്റപത്രത്തിലുണ്ടെന്ന് പ്രത്യേക ജഡ്ജി ജിതേന്ദ്രസിംഗ് പറഞ്ഞു. കേസിലെ മറ്റ് 21 പ്രതികളെയും കോടതി കുറ്റവിമുക്തരാക്കി. മുൻ ആം ആദ്മി ഗവൺമെന്റിന്റെ കാലത്ത് എക്സൈസ് നയം രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും ഉണ്ടായ അഴിമതിയാണ് CBI സംഘം അന്വേഷിച്ചത്.

✪✪✪

സ്വാതന്ത്ര്യസമര സേനാനി ചന്ദ്രശേഖർ ആസാദിന്റെ രക്തസാക്ഷിത്വ ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ആദരാഞ്ജലി അർപ്പിച്ചു. ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ ഇളക്കിയ അജയ്യമായ ധീരതയുടെ ആൾരൂപമായിരുന്നു ചന്ദ്രശേഖർ ആസാദെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

അനീതിക്കെതിരെ ഉറച്ചുനിൽക്കാൻ ദൃഢനിശ്ചയമാണ് യഥാർത്ഥ ധീരതയെന്ന് ചന്ദ്രശേഖർ ആസാദിന്റെ ജീവിതം പഠിപ്പിക്കുന്നുവെന്ന് നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മനുഷ്യാവകാശങ്ങളുടെ ഏറ്റവും ഗുരുതരമായ ലംഘനങ്ങളിലൊന്നാണ് തീവ്രവാദമെന്നും, പ്രത്യേകിച്ച് നിരപരാധികളുടെ ജീവൻ ലക്ഷ്യം വെക്കുമ്പോൾ അതിന് ന്യായീകരണമില്ലെന്നും വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ പറഞ്ഞു. സംഘർഷം, ധ്രുവീകരണം, അനിശ്ചിതത്വം എന്നിവയാൽ തകർന്ന ഒരു ലോകത്ത്, ഇന്ത്യ അടിത്തറ കണ്ടെത്താനും വികസിപ്പിക്കാനും ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജനീവയിൽ മനുഷ്യാവകാശ കൗൺസിലിൽ ഓൺലൈനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി ഇന്ന് മുംബൈയിൽ എത്തും. അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

✪✪✪

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാറും കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും, വിവേക് ജോഷിയും അടുത്ത മാസം അഞ്ചിന് കേരളത്തിലെത്തും. ആറിനും ഏഴിനും ഉന്നത തല യോഗങ്ങൾ ചേരും. ചീഫ്

സെക്രട്ടറി, സംസ്ഥാന പൊലീസ് മേധാവി, ജില്ലാ കലക്ടർമാർ, തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുമായി കമ്മീഷൻ അംഗങ്ങൾ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ സംബന്ധിച്ച് കാര്യങ്ങൾ അവലോകനം ചെയ്യും.

✪✪✪

അഞ്ചു സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ചർച്ച ചെയ്യാൻ CPIM പൊളിറ്റ്ബ്യൂറോ യോഗം ന്യൂഡൽഹിയിൽ തുടങ്ങി. കേരളം, പശ്ചിമബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി സംസ്ഥാനങ്ങളിലെ സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് യോഗത്തിന്റെ മുഖ്യ അജണ്ട.

✪✪✪

രാജസ്ഥാൻ മുൻ ഉപമുഖ്യമന്ത്രിയും AICC ജനറൽ സെക്രട്ടറിയുമായ സച്ചിൻ പൈലറ്റിനെ കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പ് നിരീക്ഷകനായി പാർട്ടി ദേശീയ നേതൃത്വം നിയോഗിച്ചു. സ്ഥാനാർത്ഥി നിർണയത്തിൽ യുവാക്കൾക്ക് അർഹമായ പ്രാതിനിധ്യം നൽകുമെന്ന് സച്ചിൻപൈലറ്റ് കൊച്ചിയിൽ വ്യക്തമാക്കി.

✪✪✪

NCERT എട്ടാം ക്ലാസ് പാഠപുസ്തകത്തിൽ കോടതിയെ അവഹേളിക്കുന്ന പരാമർശങ്ങൾക്കെതിരെ സുപ്രീം കോടതി കർശന നിലപാട് സ്വീകരിച്ചതിനെ സ്വാഗതം ചെയ്യുന്നുവെന്ന് മന്ത്രി V.ശിവൻകുട്ടി അറിയിച്ചു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

വ്യവസ്ഥയെക്കുറിച്ച് തെറ്റായ സന്ദേശം വിദ്യാർത്ഥികൾക്ക് നൽകുന്നത് ഗൗരവകരമായ കുറ്റമാണെന്നും, ജനാധിപത്യത്തിന്റെ നെടുംതൂണായ നീതിന്യായ വ്യവസ്ഥയെ താഴ്ത്തിക്കെട്ടുന്ന രീതിയിൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയത് ദൗർഭാഗ്യകരമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ ഓഫീസ് ഡാറ്റകൾ ചോർത്തി ഗുരുതരമായ വിവര സംരക്ഷണ ലംഘനം നടത്തിയെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. സ്ത്രീസുരക്ഷാ പദ്ധതിയിലെ വനിതകളുടെ വ്യക്തിഗത വിവരങ്ങൾ ചോർന്നുവെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ ആരോപിച്ചു. വ്യക്തിഗത വിവരങ്ങൾ സ്വകാര്യ കമ്പനികൾക്ക് കൈമാറിയെന്നും മുഖ്യമന്ത്രി ക്രിമിനൽ കുറ്റം ചെയ്തുവെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

ചേർത്തലയിൽ അമ്പത് കോടി രൂപ ചെലവിൽ കൃഷിവകുപ്പ് നടപ്പാക്കുന്ന അത്യാധുനിക വെജിറ്റബിൾ അഗ്രോ പാർക്കിന് മന്ത്രി P പ്രസാദ് വൈകിട്ട് തറക്കല്ലിടും. വൈകിട്ട് തിരുവിഴ ജംഗ്ഷന് സമീപത്തെ ചടങ്ങിൽ PP ചിത്തരഞ്ജൻ MLA അധ്യക്ഷനാകും. KC വേണുഗോപാൽ എംപി മുഖ്യപ്രഭാഷണം നടത്തും.

✪✪✪

ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. കുത്തിയോട്ടത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി പീഡിയാട്രീഷ്യന്റെ സേവനവും ആംബുലൻസുകളും ഉൾപ്പെടെ ഒരുക്കിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ആറളത്ത് കാട്ടാനയുടെ ആക്രമണത്തിൽ അനീഷ് എന്ന യുവാവ് മരിച്ച സംഭവത്തിൽ മന്ത്രി AK ശശീന്ദ്രൻ ദുഃഖം അറിയിച്ചു. ആനമതിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയാണെന്നും കരാറുകാരൻ ഈ വിഷയത്തിൽ വീഴ്ച വരുത്തിയോ എന്ന് പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. പണി വേഗം പൂർത്തിയാക്കാൻ നേരത്തെ തന്നെ ഗവൺമെന്റ് നിർദേശം നൽകിയിരുന്നതായും AK ശശീന്ദ്രൻ അറിയിച്ചു.

✪✪✪

വടകരയിൽ തോടന്നൂരിൽ KSU പ്രവർത്തകന്റെ വീടിന് നേരെ സ്ഫോടകവസ്തു ആകമണമുണ്ടായി. ഇന്ന് പുലർച്ചെയാണ് സംഭവം. വടകര പോലീസ് അന്വേഷണം തുടങ്ങി.

കഴിഞ്ഞ ദിവസമുണ്ടായ KSU പ്രതിഷേധങ്ങളെ തുടർന്ന് അറസ്റ്റിലായ പ്രവർത്തകന്റ വീട്ടിലാണ് ആക്രമണമുണ്ടായത്.

✪✪✪

KSU കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി ബിതുൽ ബാലന്റെ വീടിന് നേരെ ബോംബെറിഞ്ഞതിനു പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് KSU ജില്ലാ പ്രസിഡന്റ് V.T സൂരജ് ആരോപിച്ചു.

ജനാധിപത്യ പ്രതിഷേധങ്ങളെ ഇല്ലാതാക്കാൻ ചിലർ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിനെ ജനാധിപത്യപരമായി ചെറുത്ത് തോൽപ്പിക്കുമെന്നും സൂരജ് പറഞ്ഞു.

✪✪✪

തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്ക് നാളെ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കും. മന്ത്രിമാരായ AK ശശീന്ദ്രൻ, K രാജൻ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ രാവിലെ എട്ടിനായിരിക്കും പൊതുജനങ്ങളുടെ പ്രവേശനം.

✪✪✪

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കൊൽക്കത്തയിൽ വൈകിട്ട് അഞ്ചിന് ഈസ്റ്റ് ബംഗാൾ, ജംഷഡ്പൂരിനെ നേരിടും. ബംഗളുരുവിൽ മറ്റൊരു മത്സരത്തിൽ രാത്രി ഏഴരയ്ക്ക് ബംഗളുരു, പഞ്ചാബുമായും ഏറ്റുമുട്ടും.

ഇന്നലെ FC ഗോവ, സ്പോർട്ടിങ് ക്ലബ് ഡൽഹിയെ തോൽപ്പിച്ചു. ഗോവയിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ജയം.

✪✪✪

ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് നിർണായക സൂപ്പർ -8 പോരാട്ടത്തിൽ ഞായറാഴ്ച ഇന്ത്യ, വെസ്റ്റ് ഇൻഡിസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം. ഈ മത്സരം ജയിച്ചാൽ ഇന്ത്യയ്ക്ക് സെമിയിലെത്താം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിന് ഇന്ന് തുടക്കമാവും. ഐ -ലീഗ് ഫുട്ബോളിനെ ഇന്ത്യൻ ഫുട്ബോൾ ലീഗ് എന്ന് പുനർനാമകരണം ചെയ്തതിന് ശേഷം നടത്തുന്ന ആദ്യ മത്സരമാണിത്. കേരളത്തിന്റെ ഗോകുലം FC, ഐസോളിൽ വൈകിട്ട് ആറരയ്ക്ക് ചൻമാരി FC-യെ നേരിടും. ലുധിയാനയിൽ വൈകിട്ട് നാലിന് ഐസോൾ FC, നാംധാരി FC യുമായി ഏറ്റുമുട്ടും.

✪✪✪

സ്വർണ്ണവില പവന് 400 രൂപ കൂടി ഒരു ലക്ഷത്തി 18,480 രൂപയായി. 14,810 രൂപയാണ് ഗ്രാമിന്.

✪✪✪

മൂന്നാറിൽ പത്ത് വയസുകാരന് തെരുവ് നായയുടെ കടിയേറ്റു. രാജീവ് ഗാന്ധി നഗറിലായിരുന്നു തെരുവ് നായ ആക്രമണം. ഒരു മാസത്തിനിടെ ഈ പ്രദേശത്ത് മാത്രം മൂന്ന് പേർക്കാണ് പരിക്കേറ്റത്.

ഏതാനും ദിവസങ്ങൾക്ക് മുൻപ് മൂന്നാർ ടൗണിൽ വിനോദസഞ്ചാരികൾക്കും നായയുടെ കടിയേറ്റിരുന്നു.

✪✪✪

വന്ദേമാതരം ദേശീയ ഗീതത്തിന്റെ 150-ാം വാർഷികാഘോഷവും വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാചരണവും നാളെ കോഴിക്കോട്ട് മീഞ്ചന്ത ഹിന്ദി കോളേജിൽ നടത്തും. ഡോ.MS മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലയെ മന്ത് രോഗമുക്തമായി പ്രഖ്യാപിക്കുന്നതിന് സ്ഥിരീകരണ മാപ്പിംഗ് ആരംഭിച്ചു. മന്തുരോഗനിവാരണത്തിന്റെ അവസാന ഘട്ടമാണിത്. 16 ആരോഗ്യ ബ്ലോക്കുകളിൽ 20 മേൽ പ്രായക്കാരുടെ രക്തസാമ്പിളുകൾ വരും ദിവസങ്ങളിൽ ഇതിനായി ശേഖരിക്കും. രോഗ ബാധിതരെ കണ്ടെത്തിയാൽ സൗജന്യ തുടർ ചികിത്സ ഉറപ്പാക്കും.

✪✪✪

മൂന്ന് ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ NCC ഡയറക്ടർ ജനറൽ ലെഫ്റ്റനന്റ് ജനറൽ വീരേന്ദ്ര വാട്സ് തിരുവനന്തപുരം ആക്കുളത്തെ നിർമ്മാണത്തിലിരിക്കുന്ന NCC നാവിക പരിശീലന കേന്ദ്രം സന്ദർശിച്ചു. ഇന്ന് ലോക്ഭവനിലെത്തി അദ്ദേഹം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ സന്ദർശിക്കും.

✪✪✪

---

**News Editor & News Reader: വി കെ സുരേഷ്**
**NRTs: അനിൽ ചന്ദ്രൻ, നിമിഷ ജി, പ്രവീൺ**
**DEO : ഷീബ**